LIBRARY ARCHIVES Kerala Legislative Assembly

ന്യായവിലയ്ക്ക് ഗുണമേന്മയുള്ള സാധനങ്ങൾ ത്രിവേണിസ്റ്റോറുകളിലൂടെയും സഞ്ചരിക്കുന്ന ത്രിവേണിസ്റ്റോറുകളിലൂടെയും സാധാരണക്കാർക്ക് ലഭ്യമാക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) കൺസ്യൂമർഫെഡിനെ കൂടുതൽ ജനകീയമാക്കുന്നതിനും സ്റ്റോറുകളിലെ വിൽപ്പന മെച്ചപ്പെടുത്തുന്നതിനുമായി കൂടുതൽ പദ്ധതികൾ ആവിഷ്കരിച്ചുവരുന്നു.

ത്രിവേണി/നീതി/നന്മസ്റ്റോറുകളിലെ വിപണനം

115 (460) <u>ശ്രീമതി കെ. എസ്. സലീഖ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ ത്രിവേണി/നീതി സ്റ്റോറുകളിലും കൂടാതെ നന്മസ്റ്റോറുകളിലും വിപണനം നടത്തിവന്നിരുന്ന സാധനങ്ങളുടെ വില എത്രയായിരുന്നു ;

(ബി) തുടർന്ന് ഓരോ വർഷവും ഏപ്രിൽ ഒന്നിന് അവയുടെ വില എത്ര എന്നും 2015 മേയ് മാസത്തെ വില എത്ര എന്നും വ്യക്തമാക്കുമോ ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷമുള്ള കാലയളവിലെ ഓരോ സാധനങ്ങൾക്കും വർദ്ധിച്ച വില എത്ര എന്നും ഏതെങ്കിലും സാധനങ്ങൾക്ക് കഴിഞ്ഞ സർക്കാരിനെക്കാൾ കുറവു വിലയുണ്ടോ എന്നും അവ ഏതെല്ലാം എന്നും വ്യക്തമാക്കുമോ ;

(ഡി) ത്രിവേണി /നീതി / നന്മസ്റ്റോറുകൾ (മെഡിക്കൽ സ്റ്റോറുകൾ ഉൾപ്പെടെ) വിവിധ സാധനങ്ങൾ/ മരുന്നുകൾ എന്നിവയുടെ 2015 മേയ് മാസത്തിലെ വില സംബന്ധിച്ച സ്റ്റേറ്റ്മെന്റ് ലഭ്യമാക്കാമോ ; ഒപ്പം ഈ സർക്കാർ അധികാരത്തിൽ വന്നപ്പോഴുള്ള സ്റ്റേറ്റ്മെന്റും ലഭ്യമാക്കുമോ ;

(ഇ) ത്രിവേണി നീതി നന്മസ്റ്റോറുകളിൽ പൊതു ജനത്തിനാവശ്യമുള്ള അവശ്യ സാധനങ്ങളുടെ അഭാവം ഉണ്ടെന്നുള്ള പരാതിയുള്ളതിനാൽ നിലവിലെ സ്റ്റോക്കുവിവരം ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

(എ) കൺസ്യൂമർഫെഡിന് കീഴിൽ ത്രിവേണി/നന്മസ്റ്റോറുകളിലും വിവിധ സഹകരണ സംഘങ്ങളിലൂടെ നടത്തിവരുന്ന നീതി സ്റ്റോറുകളിലും ഒരു ലക്ഷത്തോളം വിവിധ ബ്രാന്റുകളിലുള്ള സാധനങ്ങളുടെ വിപണനം നടത്തിവരുന്നതിനാൽ എല്ലാ

ഇനങ്ങളുടെയും വില്പനവില സമർപ്പിക്കുന്നത് പ്രായോഗികമല്ല. ആയതിനാൽ ഈ സർക്കാർ അധികാരത്തിൽ വന്ന 2011 മേയ് മാസത്തിൽ ത്രിവേണി/നീതി സ്റ്റോറുകളിലെ 12 ഇനം അവശ്യസാധനങ്ങളുടെ വിലനിലവാരം ചുവടെ ചേർക്കുന്നു :

ക്രമ നമ്പർ	ഇനം	2011 മേയ് മാസത്തെ വില (രൂപ)
1	ജയ അരി	28.00
2	കുത്തരി	28.00
3	പച്ചരി	22.00
4	പഞ്ചസാര	31.50
5	ചെറുപയർ	61.50
6	കടല	38.00
7	ഉഴുന്ന്	68.50
8	വൻപയർ	41.00
9	മല്ലി	64.00
10	തുവരപരിപ്പ്	66.00
11	മുളക്	97.00
12	വെളിച്ചെണ്ണ	95.50

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 18-4-2012-നാണ് നന്മ സ്റ്റോറുകൾ ആരംഭിച്ചിട്ടുള്ളത്.

(ബി) ഓരോ വർഷത്തെയും ഏപ്രിൽ ഒന്നാം തീയതിയും 2015 മേയ് മാസത്തിലുള്ള വില നിലവാരവും അനുബന്ധം I ആയി ചേർക്കുന്നു.*

(സി) 12 ഇനം അവശ്യ നിത്യോപയോഗ സാധനങ്ങളുടെ 2011 മേയ് മാസത്തെയും 2015 മേയ് മാസത്തെയും നീറ്റെയിൽ വിൽപ്പന വില സംബന്ധിച്ച സ്റ്റേറ്റ്മെന്റ് അനുബന്ധം II ആയി ചേർക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ത്രിവേണി/നീതി/നന്മ സ്റ്റോറുകൾ വിപണനം നടത്തുന്ന വിവിധ അവശ്യ സാധനങ്ങളുടെ മേയ് 2015-ലെ വിലനിലവാരം ചുവടെ പരാമർശിക്കുന്നു :

ക്രമ നമ്പർ	ഇനം	2015 മേയ് മാസത്തെ വില (കി. ഗ്രാമിന്)
1	ജയ അരി	31.00
2	കുത്തരി	32.50
3	പച്ചരി	30.00
4	പഞ്ചസാര	29.00
5	ചെറുപയർ	115.00
6	കടല	66.00
7	ഉഴുന്ന്	128.00
8	വൻപയർ	60.00
9	മല്ലി	126.00
10	തുവരപരിപ്പ്	122.00
11	മുളക്	106.00
12	വെളിച്ചെണ്ണ	145.00

2015 മേയ് മാസത്തിൽ നീതി മെഡിക്കൽ സ്റ്റോറുകളിലൂടെ 65525 ഇനത്തിൽപ്പെട്ട മരുന്നുകൾ വിൽപ്പന നടത്തുന്നുണ്ട്. 2881 പേജുകൾ അടങ്ങുന്ന ഇവയുടെ ലിസ്റ്റ് സമർപ്പിക്കുന്നത് പ്രായോഗികമല്ല. ഈ സർക്കാർ അധികാരത്തിൽവരുന്ന അവസരത്തിലും 65525 ഇനത്തിൽപ്പെട്ട മരുന്നുകൾ തന്നെ വിപണനം നടത്തിയിരുന്നു.

(ഇ) 31-5-2015-ലെ സ്റ്റോക്ക് വിവരം ചുവടെ ചേർക്കുന്നു :

ത്രിവേണി	-13.87 കോടി രൂപ
നന്മ സ്റ്റോർ	-7.45 "
നീതി സ്റ്റോറുകൾ	-6.18 "
ആകെ	-27.50 "

LIBRARY ARCHIVES Kerala Legislative Assembly